
**Athmaraksha.org**

പോർനാഗ്രഫി, ദുഷ്ട കൂട്ടുകെട്ടുകൾ

## മിശ്രവിവാഹം വചനാനുസൃതമോ? - കടപ്പാട്: റവ.ഫാ.സേവ്യർ ഖാൻ വട്ടായിൽ




-നല്ല വിദ്യാഭ്യാസവും നല്ല സ്വഭാവവും നല്ല ആരോഗ്യവും നല്ല ജോലിയുമുള്ള ആരെയും വിവാഹം ചെയ്യാൻ ദൈവം അനുവദിക്കുന്നുവോ?
-മിശ്രവിവാഹത്തിൽ ഏർപ്പെടുന്നവരുടെ മാതാപിതാക്കൾ അനുവാദം നൽകിയെന്നു കരുതി ആ ബന്ധം ദൈവത്തിനു പ്രീതികരമാകുമോ?
-ഞാൻ പ്രേമിക്കുന്നയാളെ വിവാഹം കഴിക്കാതെ മാതാപിതാക്കന്മാർ പ്രാർത്ഥനാപൂർവ്വം ആലോചിച്ചു കൊണ്ടു വരുന്നയാളെ വിവാഹം കഴിച്ചാൽ അതൊരു പരാജയമാണെങ്കിലോ?
-ഞാൻ വിവാഹം കഴിക്കാം എന്നു പറഞ്ഞിട്ട് വാക്കു മാറിയാൽ അവന്റെ/അവളുടെ ശാപം എന്റെ മേൽ വരുകയില്ലേ? അതൊരു വഞ്ചനയല്ലേ? അയാളുടെ കണ്ണുനീര് എന്റെ കുടുംബത്തിന്റെ മേൽ വീഴുകയില്ലേ?
-ഈ വിവാഹം നടന്നില്ലെങ്കിൽ മറ്റൊരു വിവാഹമേ വേണ്ട എന്നു ചിന്തിക്കുന്നതല്ലേ നല്ലത്?
-ആജീവനാന്ത ഉടമ്പടിയായ വിവാഹം എന്ന കൂദാശയുമായി ബന്ധപ്പെട്ട ഉത്തരം സംശയങ്ങൾക്കുള്ള മറുപടി വിശുദ്ധ ഗ്രന്ഥത്തിലുണ്ട്. അവയെപ്പറ്റി വേണ്ടത്ര ഉൾക്കാഴ്ച ലഭിക്കാൻ തുടർന്നു വായിക്കുക.

നിയമ 5 : 32-33 'ആകയാൽ നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങളോട് കല്പിച്ചതുപോലെ പ്രവർത്തിക്കാൻ നിങ്ങൾ ശ്രദ്ധാലുക്കളായിരിക്കണം. നിങ്ങൾ ഇടംവലം വ്യതിചലിക്കരുത്. നിങ്ങൾ ജീവിച്ചിരിക്കാനും നിങ്ങൾക്ക് നന്മയുണ്ടാകാനും നിങ്ങൾ കൈവശമാക്കുന്ന ദേശത്ത് ദീർഘനാൾ വസിക്കാനും വേണ്ടി നിങ്ങളുടെ ദൈവമായ കർത്താവ് കൽപ്പിച്ചിട്ടുള്ള മാർഗ്ഗത്തിലൂടെ ചരിക്കണം.'

ഒരു വിശ്വാസിക്ക് മിശ്രവിവാഹം അനുവദനീയമോ? ദൈവവചനം ഇതേപ്പറ്റി എന്തുപറയുന്നു?

തോബിത് 4:12-13 'എല്ലാത്തരം അധാർമികതയിലും നിന്നു നിന്നെ കാത്തുകൊള്ളുക. നിന്റെ പൂർവ്വികരുടെ ഗോത്രത്തിൽ നിന്നു മാത്രം ഭാര്യയെ സ്വീകരിക്കുക. അന്യ ജനതകളിൽ നിന്നു വിവാഹം ചെയ്യരുത്. നാം പ്രവാചകന്മാരുടെ സന്തതികളാണ്. മകനേ, നമ്മുടെ പൂർവ്വ പിതാക്കന്മാരായ നോഹ, അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നിവരെല്ലാം തങ്ങളുടെ ചാർച്ചക്കാരുടെ ഇടയിൽ നിന്നാണു ഭാര്യമാരെ തിരഞ്ഞെടുത്തത് എന്ന കാര്യം നീ അനുസ്മരിക്കണം. സന്താനങ്ങൾ വഴി അവർ അനുഗ്രഹീതരായി അവരുടെ പിൻതലമുറ ദേശം അവകാശമാക്കും. അതിനാൽ മകനെ നിന്റെ സഹോദരന്മാരെ സ്നേഹിക്കുക. നിന്റെ ചാർച്ചക്കാരിൽ നിന്ന് നിന്റെ ജനത്തിന്റെ മക്കളിൽ നിന്ന്

ഭാര്യയെ സ്വീകരിക്കാതെ അവരെ നിന്ദിക്കരുത്. അഹങ്കാരം വിനാശവും അരാജകത്വവും വരുത്തും.'

ദൈവവചനം മിശ്രവിവാഹത്തെ അംഗീകരിക്കുന്നില്ല. മിശ്രവിവാഹം ചെയ്ത് നിങ്ങൾ വഞ്ചിതരാകരുത്. ഗോത്രങ്ങളിലെ പരമ്പര്യങ്ങൾ അറുത്തെറിയരുത്. പൂർവ്വീകരിലൂടെ ദൈവാത്മാവ് വെളിപ്പെടുത്തിയിട്ടുള്ളതും രൂപപ്പെടുത്തിയിട്ടുള്ളതുമായ വിശുദ്ധ ജീവിതത്തിന്റെ വഴികളെ അവഗണിക്കരുത്. ചോരത്തിളപ്പിൽ ചെറുപ്പത്തിന്റെ അവിവേകത്താൽ തലമറന്ന് എണ്ണതേയ്ക്കരുത്.

ജ്ഞാനം 3:11 'ജ്ഞാനവും പ്രബോധനവും പുച്ഛിച്ച് തള്ളുന്നവന്റെ നില ശോചനീയമാണ്. അവരുടെ പ്രത്യാശ വ്യർത്ഥവും പ്രയത്നം നിഷ്ഫലവുമാണ്. അവർ ഉണ്ടാക്കുന്നത് നിരുപയോഗവുമാണ്'.

നിന്നിലുള്ള അഹങ്കാരം നിന്റെ വിനാശത്തിനും അരാജകത്വത്തിനും കാരണമായിത്തീരുന്നു. സോളമന്റെ ജീവിതം തന്നെ എടുത്തു പരിശോധിക്കുക. ദൈവത്തിന് അദ്ദേഹത്തെ വളരെ ഇഷ്ടമായിരുന്നു. അദ്ദേഹം ചോദിച്ചതിലുമധികം ദൈവം നൽകി അനുഗ്രഹിച്ചുകൊണ്ടേയിരുന്നു.

2 ദിന 1 : 12 'ഞാൻ നിനക്ക് ജ്ഞാനവും വിവേകവും നല്കുന്നു. കൂടാതെ നിന്റെ മുൻഗാമികളോ പിൻഗാമികളോ ആയ രാജാക്കന്മാരിൽ ആർക്കും ലഭിച്ചിട്ടില്ലാത്ത സമ്പത്തും ധനവും പ്രശസ്തിയും ഞാൻ നിനക്ക് നൽകും'.

ദൈവം സോളമനെ സമൃദ്ധമായി അനുഗ്രഹിച്ചു. സ്നേഹിച്ചു എന്നാൽ, 1 രാജാ 11 :1 മുതലുള്ള വാക്യങ്ങളിൽ സോളമന്റെ അധഃപതനം നാം കാണുന്നു.ദൈവം സോളമന് മൂന്നാം തവണ പ്രത്യക്ഷപ്പെട്ടപ്പോൾ രാജ്യം അദ്ദേഹത്തിൽ നിന്ന് പറിച്ചെടുത്ത് മാറ്റുമെന്ന് ദൈവം പ്രഖ്യാപിച്ചു.

1 രാജാ 11:11-12 'എന്റെ ഉടമ്പടിയും ഞാൻ നല്കിയ കല്പനകളും പാലിക്കാതിരിക്കുകയും ചെയ്തതിനാൽ ഞാൻ രാജ്യം നിന്നിൽ നിന്ന് പറിച്ചെടുത്ത് നിന്റെ ദാസന് നൽകും. എന്നാൽ നിന്റെ പിതാവായ ദാവിദിനെയോർത്ത് നിന്റെ ജീവിതകാലത്ത് ഇതു ഞാൻ ചെയ്യുകയില്ല. നിന്റെ മകന്റെ കരങ്ങളിൽ നിന്ന് അതു ഞാൻ വേർപ്പെടുത്തും'.

ഐശ്വര്യവും പ്രതാപവും സോളമനിൽ നിന്ന് ദൈവം എടുത്തുമാറ്റി. എന്തായിരുന്നു കാരണം?. മിശ്രവിവാഹം തന്നെ.

1 രാജാ 11 : 1-8 'സോളമൻ രാജാവ് അനേകം വിദേശ വനിതകളെ പ്രേമിച്ചു. ഫറവോയുടെ മകളേയും മൊവാബ്യർ, അമ്മോന്യർ, ഏദോമ്യർ, സിദോന്യർ, ഹിത്യർ എന്നീ അന്യവംശത്തിൽപ്പെട്ട സ്ത്രീകളേയും ഭാര്യമാരായി സ്വീകരിച്ചു. നിങ്ങൾ അവരുമായി വിവാഹബന്ധത്തിലേർപ്പെടരുത്. അവർ നിങ്ങളുമായും അവർ നിങ്ങളുടെ ഹൃദയങ്ങളെ തങ്ങളുടെ ദേവന്മാരിലേക്ക് വശീകരിച്ചു കളയും എന്ന് അവരെക്കുറിച്ച് കർത്താവ് അരുളിചെയ്തിരുന്നു. സോളമനാകട്ടെ അവരെ ഗാഢമായി പ്രേമിച്ചു. അവനു രാജ്ഞിസ്ഥാനമുള്ള എഴുനൂറു ഭാര്യമാരും മുന്നൂറ് ഉപനാരികളും ഉണ്ടായിരുന്നു. അവർ അവന്റെ ഹൃദയം വ്യതിചലിപ്പിച്ചു. സോളമനെ വാർദ്ധക്യമായപ്പോൾ ഭാര്യമാർ അവന്റെ ഹൃദയത്തെ അന്യദേവന്മാരിലേക്ക് തിരിച്ചു. പിതാവായ ദാവീദ് ദൈവമായ കർത്താവിനോട് വിശ്വസ്തനായിരുന്നതുപോലെ അവൻ അവിടുത്തോട് പരിപൂർണ്ണ വിശ്വസ്തത പാലിച്ചില്ല. സോളമൻ സിദോന്യരുടെ ദേവിയായ അസ്താർത്തെയും അമ്മോന്യരുടെ മ്ലേച്ഛവിഗ്രഹമായ മിൽക്കോമിനെയും ആരാധിച്ചു. അങ്ങനെ അവൻ കർത്താവിന്റെ മുൻപിൽ അനിഷ്ടം പ്രവർത്തിച്ചു. തന്റെ പിതാവായ ദാവീദിനെപ്പോലെ അവൻ കർത്താവിനെ പൂർണ്ണമായി അനുഗമിച്ചില്ല. അവൻ ജറുസലേമിന് കിഴക്കുള്ള മലയിൽ മൊവാബ്യരുടെ മ്ലേച്ഛവിഗ്രഹമായ കെമോഷിനും, അമ്മോന്യരുടെ മ്ലേച്ഛവിഗ്രഹമായ മോളെക്കിനും പൂജാഗിരികൾ നിർമ്മിച്ചു. തങ്ങളുടെ ദേവന്മാർക്ക് ധൂപാർച്ചന നടത്തുകയും ബലി സമർപ്പിക്കുകയും ചെയ്തിരുന്ന എല്ലാ വിജാതീയ ഭാര്യമാർക്കും വേണ്ടി അവൻ അങ്ങനെ ചെയ്തു.'

അന്യഗോത്രങ്ങളിൽ നിന്നും ജാതിയിൽ നിന്നും യുദ്ധത്തിൽ കീഴടക്കിയ രാജ്യങ്ങളിലെ രാജകുമാരിമാരെ സോളമൻ വിവാഹം ചെയ്തുകൊണ്ടിരുന്നു. പുറ. 34: 15-16 'ആ ദേശത്തെ നിവാസികളുമായി നിങ്ങൾ

ഉടമ്പടി ചെയ്യരുത്. ചെയ്താൽ, തങ്ങളുടെ ദേവന്മാരെ ആരാധിക്കുകയും അവർക്ക് ബലിയർപ്പിക്കുകയും ചെയ്യുമ്പോൾ അവർ നിങ്ങളെ ക്ഷണിക്കുകയും അവരുടെ ബലിവസ്തു ഭക്ഷിക്കാൻ നിങ്ങൾക്കിടവരുകയും ചെയ്തേക്കാം. അവരുടെ പുത്രിമാരെ നിങ്ങളുടെ പുത്രന്മാരെക്കൊണ്ട് വിവാഹം കഴിപ്പിക്കുകയും ആ പുത്രിമാർ തങ്ങളുടെ ദേവന്മാരെ ആരാധിക്കുകയും നിങ്ങളുടെ പുത്രന്മാരെ അതിനായി പ്രേരിപ്പിക്കുകയും ചെയ്തെന്നുവരാം'.

ദൈവമായ കർത്താവ് വിലക്കിയിട്ടുള്ള ആ ദുഷിച്ച പ്രവർത്തികൾ സോളമന് അത്ര ചീത്തയായി തോന്നിയില്ല. ഫലമോ? വംശം ദുർബലമായി.... തകർന്നു.... സോളമന്റെ കാലശേഷം പത്തു വർഷത്തിനുള്ളിൽ അഞ്ചു പിൻഗാമികളുടെ തലയറുക്കപ്പെട്ടു, ദാരുണമായ ഈ തകർച്ചയുടെ വിവരണം പ്രഭാഷകന്റെ പുസ്തകത്തിൽ വായിക്കാം.

പ്രഭാ. 47: 16-21. 'നിന്റെ പ്രശസ്തി വിദൂര ദ്വീപുകളിൽ എത്തി. സമാധാനപൂർണ്ണമായ ഭരണം നിമിത്തം നീ പ്രിയങ്കരനായി. നിന്റെ കീർത്തനങ്ങളും സുഭാഷിതങ്ങളും ഉപമകളും പ്രത്യുത്തരങ്ങളും ജനതകളെ വിസ്മയാധീനരാക്കി. ഇസ്രായേലിന്റെ ദൈവമായ കർത്താവിന്റെ നാമത്തിൽ തകരം പോലെ സ്വർണ്ണവും ഈയം പോലെ വെള്ളിയും നീ ശേഖരിച്ചു. എന്നാൽ നീ സ്ത്രീകൾക്ക് അധീനനായി. അഭിലാഷങ്ങൾ നിന്നെ കീഴ്പ്പെടുത്തി. നിന്റെ സത്കീർത്തിക്ക് നീ തന്നെ കളങ്കം വരുത്തി. സന്തതി പരമ്പരയെ മലിനമാക്കി. അവരെ ക്രോധത്തിന് ഇരയാക്കി. നിന്റെ ഭോഷത്തം അവർക്ക് ദുഃഖകാരണമായി. അങ്ങനെ രാജ്യം വിഭജിക്കപ്പെട്ടു'.

എന്തിനാണ് സോളമന്റെ ജീവിതാനുഭവം ബൈബിളിൽ എഴുതി നമ്മുക്ക് തന്നിരിക്കുന്നത്?

1 കൊറി 10:11 'ഇതെല്ലാം അവർക്ക് ഒരു താക്കീതായിട്ടാണ് സംഭവിച്ചത്.നമ്മുക്ക് ഒരു പാഠമാകേണ്ടതിന് അവയെല്ലാം എഴുതപ്പെട്ടിരിക്കുന്നു'. അതെ. നമുക്കൊരു ഗുണപാഠമാണത്. അന്യജാതിയിൽപ്പെട്ടവരെ പ്രേമിക്കുന്നവർ പാപത്തിലാണ് ജീവിക്കുന്നത്. തെറ്റാണത്. തിരുത്തണം. നിർത്തണം. എല്ലാവരും ദൈവത്തിന്റെ മക്കളല്ലേ? ആരെ കെട്ടിയാലെന്താ? മനഃപ്പൊരുത്തമല്ലേ പ്രധാനം? എനിക്കിഷ്ടമുള്ളവരെ ഞാൻ വിവാഹം കഴിക്കും. എന്നെ ആരും ഉപദേശിക്കേണ്ട... എന്ന് ചിലർ പറയുന്നത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. വചനം പഠിപ്പിക്കുന്നു.

ഏശ. 30:1 'കർത്താവ് അരുളിചെയ്യുന്നു. എന്റേതല്ലാത്ത പദ്ധതികൾ നടപ്പിലാക്കുകയും എനിക്ക് അഹിതമായ സഖ്യം ഉണ്ടാക്കുകയും ചെയ്ത് പാപം കുന്നുകൂട്ടിയ അനുസരണമില്ലാത്ത സന്തതികൾക്ക് ദുരിതം'.

പ്രഭാ. 5:9 'ഏതു കാറ്റത്തും പാറ്റുകയോ എല്ലാ മാർഗ്ഗത്തിലും ചരിക്കുകയോ അരുത് '. പ്രഭാ. 6 : 2-4 'അഭിലാഷങ്ങൾക്ക് അടിപ്പെടരുത്. അവ നിന്നെ കാളക്കൂറ്റനെപ്പോലെ കുത്തിക്കീറും. അവ നിന്റെ ഇലകൾ ഭക്ഷിക്കുകയും, നിന്റെ ഫലങ്ങൾ നശിപ്പിക്കുകയും ചെയ്യും. നീ ഒരു ഉണക്കമരമായിത്തീരും. ദുഷിച്ച ഹൃദയം അവനവനെ തന്നെ നശിപ്പിക്കുന്നു. ശത്രുക്കളുടെ മുൻപിൽ അവൻ പരിഹാസപാത്രമായിത്തീരും.' നിനക്ക് ശരിയെന്ന് തോന്നുന്ന വഴി ശരിയായിരിക്കണമെന്നില്ല. നിന്റെ ബുദ്ധിയും യുക്തിയും നിനക്ക് നേർവഴി കാണിച്ചെന്ന് വരില്ല. സുഭാ. 16 : 25 'ശരിയെന്ന് തോന്നിയ വഴി മരണത്തിലേക്ക് നയിക്കുന്നതാവാം'.

മിശ്രവിവാഹം ദൈവത്തിന്റെ ക്രമീകരണമല്ല. ദൈവവചനം അതിന് കൂട്ടുനിൽക്കുന്നില്ല. നിങ്ങൾ വഞ്ചിതരാകരുത്. തിരുസഭയുടെ പ്രബോധനങ്ങൾ നിങ്ങൾ അവഗണിക്കരുത്. പൂർവ്വികമായി അനുവർത്തിച്ചു വരുന്ന ആചാരങ്ങളും ജീവിത രീതികളും പെട്ടെന്നുള്ള ഒരാവേശത്തിൽ കാറ്റിൽ പറത്തരുത്. പാരമ്പര്യങ്ങളെ മുറുകെപ്പിടിക്കുക. വചനത്തിൽ വേരൂന്നി വളരുവാൻ നിങ്ങളുടെ മക്കളെ സഹായിക്കുക.

മിശ്രവിവാഹത്തെ അനുകൂലിച്ച് വിവാഹ സംബന്ധമായ കാര്യങ്ങളിൽ പുരോഗമന ചിന്താഗതി പുലർത്തുന്നു എന്നഭിമാനിക്കുന്നവർ ചില ചോദ്യങ്ങൾ ഉയർത്താറുണ്ട്. മിശ്രവിവാഹത്തിന് തയ്യാറെടുക്കുന്നവരെ വിയോജിപ്പിച്ച് വേറെ വിവാഹം നടത്തി അതും പരാജയപ്പെട്ടെങ്കിലോ...

ഇതേപ്പറ്റി ചിന്തിക്കുമ്പോൾ നാം മനസ്സിലാക്കിയിരിക്കേണ്ട ഒരു കാര്യമുണ്ട്. വിവാഹം, ജീവിത പങ്കാളി, കുടുംബം... ഇതൊക്കെ ദൈവീക പദ്ധതി പ്രകാരമുള്ളതാണ്. ദൈവത്തിന്റെ ഹിതമനുസരിച്ചുള്ള ഒരു വിവാഹം നടന്നിട്ട് കഷ്ടതയാണെങ്കിൽ അതേറ്റെടുക്കണം. ആ വിവാഹം മൂലം ഒരാളുടെ വിശുദ്ധീകരണമാണ് ദൈവം ആഗ്രഹിക്കുന്നതെങ്കിലോ? നിത്യ രക്ഷയ്ക്ക് വേണ്ടിക്കൂടി ദൈവം ക്രമീകരിച്ചിരിക്കുന്ന മാർഗ്ഗമാണത്. 1 പത്രോ 4: 12 'പ്രിയപ്പെട്ടവരേ, നിങ്ങളെ പരിശോധിക്കാനായി അഗ്നി പരീക്ഷകൾ ഉണ്ടാകുമ്പോൾ അപ്രതീക്ഷിതമായതെന്തോ സംഭവിച്ചാലെന്നപോലെ പരിഭ്രമിക്കരുത് '.

ചിലർ സംശയം ചോദിക്കുന്നു

ഞാൻ വിവാഹം കഴിച്ചുകൊള്ളാം എന്ന് വാക്ക് കൊടുത്തിട്ട് പിന്നെ വാക്കു മാറുന്നത് വഞ്ചനയല്ലേ? ശാപമുണ്ടാവില്ലേ?. ഇല്ല. വിവാഹം, തിരുപ്പട്ടം തുടങ്ങിയ കൂദാശകൾ ഒരു വ്യക്തിയുടെ മരണ നിമിഷം വരെ നീണ്ടുനിൽക്കുന്ന ഉടമ്പടിയായതുകൊണ്ട് ഈ കൂദാശകൾ സ്വീകരിക്കുന്നതിന് തൊട്ടു മുൻപ് വരെ പിന്മാറാനുള്ള അവകാശമുണ്ട്. വിവാഹം സ്വതന്ത്ര മനസ്സോടെ ആയിരിക്കണം. സമ്മർദ്ദങ്ങൾക്കടിമപ്പെട്ടാവരാകരുത്. പിന്മാറുന്നത് ശാപം വരുത്തുന്നില്ല.

മറ്റു ചിലർ ചോദിക്കുന്നു.

നല്ല സ്വഭാവമാണ്. മദ്യപിക്കില്ല. പുകവലിയില്ല. ചീട്ടുകളിയില്ല. നല്ല തങ്കപ്പെട്ട സ്വഭാവമാണ്. നല്ല വിദ്യാഭ്യാസമുണ്ട്. ജോലിയുമുണ്ട്. സമുദായം മാത്രം നമ്മുടേതല്ല. ഈ ബന്ധം വിവാഹത്തിലേക്ക് നീങ്ങണോ? ഞാനെന്തു ചെയ്യണം?. ജോലിയും പണവും സ്വഭാവവും ആരോഗ്യവും മാത്രം നോക്കിയാൽ പോരാ. നീ യേശുക്രിസ്തുവുമായിട്ടുള്ള ബന്ധം ഓർക്കണം. ഈ ബന്ധത്തിന് മങ്ങലേൽപ്പിക്കുന്ന ഒന്നും ചെയ്യരുത്. 'Because, You are sIrael'. നീ ഒരു ഉടമ്പടി പൈതലാണ്. ദൈവവുമായിട്ടുള്ള ഉടമ്പടിയെ ലംഘിക്കത്തക്ക യാതൊരു പ്രവൃത്തിയും നിന്റെ ഭാഗത്തുനിന്നുണ്ടാവരുത്.

2 കൊറി 6 : 14-15 'നിങ്ങൾ അവിശ്വാസികളുമായി കൂട്ടു ചേരരുത്. നീതിയും അനീതിയും തമ്മിൽ എന്തു പങ്കാളിത്തമാണുള്ളത് ? പ്രകാശത്തിന് അന്ധകാരവുമായി എന്തു കൂട്ടുകെട്ടാണുള്ളത്? ക്രിസ്തുവിന് ബലിയാലുമായി എന്തു യോജിപ്പാണുള്ളത് ?വിശ്വാസിക്ക് അവിശ്വാസിയുമായി എന്താണ് പൊതുവിലുള്ളത് ?'

2 കൊറി 6 : 17-18 'ആകയാൽ, നിങ്ങൾ അവരെ വിട്ട് ഇറങ്ങി വരികയും അവരിൽ നിന്ന് വേർപിരിയുകയും ചെയ്യുവിൻ എന്ന് കർത്താവ് അരുളിചെയ്യുന്നു. അശുദ്ധമായതൊന്നും നിങ്ങൾ തൊടുകയുമരുത്. അപ്പോൾ ഞാൻ നിങ്ങളെ സ്വീകരിക്കും. ഞാൻ നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്ക് പുത്രന്മാരും പുത്രികളും ആയിരിക്കും എന്ന് സർവ്വശക്തനായ കർത്താവ് അരുളിചെയ്യുന്നു' .

ഈ വിവാഹം നടന്നില്ലെങ്കിൽ എനിക്ക് വിവാഹമേ വേണ്ട എന്നു പറയുന്ന ചിലരെ കണ്ടിട്ടുണ്ട്. ഇങ്ങനെ ചിന്തിക്കുന്നത്. ശരിയല്ല. ദൈവം ഒരു നിർദ്ദേശം നൽകുമ്പോൾ അനുസരിക്കാതെ തന്നിഷ്ടക്കാരായി നടക്കാൻ പാടില്ല. പ്രഭാ. 3: 26-27 'നിർബന്ധബുദ്ധി നാശത്തിലൊടുങ്ങും. സാഹസബുദ്ധി അപകടത്തിൽ ചാടും. ദുശ്ശാഠ്യമുള്ള മനസ്സ് കഷ്ടതകൾക്ക് അടിപ്പെടും. പാപി പാപം കൂന കൂട്ടും'. നിയമ 29: 18-19 '...കയ്പുള്ള വിഷഫലം കായ്ക്കുന്ന മരത്തിന്റെ വേര് നിങ്ങളുടെയിടയിൽ ഉണ്ടാവരുത്. അങ്ങനെയുള്ളവൻ ഈ ശാപവാക്കുകൾ കേൾക്കുമ്പോൾ കുതിർന്നതും വരണ്ടതും ഒന്നുപോലെ എന്ന ഭാവത്തിൽ, ഞാൻ എന്റെ ഇഷ്ടത്തിനു നടന്നാലും സുരക്ഷിതനായിരിക്കും എന്ന് പറഞ്ഞു തന്നെത്തന്നെ അനുഗ്രഹിക്കും'.

പ്രഭാ 5:2 'സ്വന്തം കഴിവിൽ ആശ്രയിച്ച് ഹൃദയാഭിലാഷങ്ങൾക്കൊത്ത് ജീവിക്കരുത്'.

## മിശ്രവിവാഹത്തെ സംബന്ധിച്ച് ഒരു ദൈവപൈതലിന്റെ നിലപാട് എന്തായിരിക്കണം?

1. അന്യജാതിയിൽപ്പെട്ടവരെ സഹോദരതുല്യം സ്നേഹിക്കുക. അവരെ ജീവിത പങ്കാളിയായി തിരഞ്ഞെടുക്കരുത്.
2. അന്യജാതിയിൽപ്പെട്ടവരെ പ്രേമിക്കുകയോ ലൈംഗീക ബന്ധങ്ങളിൽ ഏർപ്പെടുകയോ അരുത്.
3. മിശ്രവിവാഹത്തിന് ആരേയും പ്രോത്സാഹിപ്പിക്കരുത്. പിൻതിരിപ്പിക്കുക.

4. വിവാഹത്തെ സംബന്ധിച്ച് സഭയുടെ ആരോഗ്യപരമായ രീതി മാത്രമേ അവലംബിക്കാവൂ. സഭ മിശ്രവിവാഹം ഉപദേശിക്കുന്നില്ല. മിശ്രവിവാഹത്തെ സംബന്ധിച്ച സഭയുടെ പ്രബോധനങ്ങൾ അറിയുക.
5. മക്കളെ ചെറുപ്പം മുതലേ ഇക്കാര്യങ്ങളിൽ ശരിയായ ബോധ്യങ്ങൾ കൊടുത്ത് വളർത്തുക.
6. പ്രബോധനങ്ങൾ നൽകുമ്പോൾ ഇക്കാര്യങ്ങൾ പഠിപ്പിക്കുക.
7. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ മിശ്രവിവാഹബന്ധം അനിവാര്യമായി വന്നാൽത്തന്നെ ക്രിസ്തീയ വിശ്വാസം സ്വീകരിച്ച് സഭയിൽ അംഗമായാൽ മാത്രമേ അവരെ വിവാഹം ചെയ്യാവൂ. ഇത്തരം സാഹചര്യത്തിൽ ഈ നടപടി മറ്റൊരാത്മാവിന് ദുർമാതൃകയാകാനിടയുണ്ടോ എന്നും ചിന്തിക്കേണ്ടതാണ്.

മത്താ. 18-6 'എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവനു ദുഷ്പ്രേരണ നൽകുന്നവൻ ആരായാലും അവന് കൂടുതൽ നല്ലത് കഴുത്തിൽ ഒരു വലിയ തിരിക്കല്ലുകെട്ടി കടലിന്റെ ആഴത്തിൽ താഴ്ത്തപ്പെടുകയായിരിക്കും'.

പ്രാർത്ഥന

കർത്താവേ..... എന്റെ ജീവന്റെയും ജീവിതത്തിന്റെയും ഉടയവനെ... ഞാനങ്ങയെ ആരാധിക്കുന്നു. എന്റെ പാദങ്ങളെ വിനയത്തിന്റെ മാർഗ്ഗത്തിൽ നിന്നും എന്റെ ചിന്തകളെ അന്ധകാരത്തിന്റെ പിടിയിൽ നിന്നും രക്ഷിക്കണമേ.. കർത്താവേ, മനുഷ്യന്റെ മാർഗ്ഗങ്ങൾ അവന്റെ നിയന്ത്രണത്തിലല്ലെന്നും നടക്കുന്നവന് നിന്റെ ചുവടുകൾ സ്വാധീനമല്ലെന്നും എനിക്കറിയാം. കർത്താവേ നീതിപൂർവ്വം എന്നെ തിരുത്തേണമേ... വഴുവഴുപ്പുള്ള പാറയിൽ എന്നെ നിറുത്തരുതേ... ദൈവവചന വിപരീതമായ സ്വഭാവത്തിലേക്ക് നയിക്കുന്ന എല്ലാ ദുഷ്ടാരൂപികളേയും നസ്രായനായ യേശുവിന്റെ നാമത്തിൽ ഞാൻ ബന്ധിക്കുന്നു. നിത്യ നരകാഗ്നിയിലേക്ക് ആട്ടിപ്പായിക്കുന്നു. പരിശുദ്ധാത്മാവേ എന്നിൽ നിറയണമേ! ആമ്മേൻ.